# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **30-07-2021 - ൽ മറുപടിയ്ക്ക്**

### ഡാമുകളിലെ മാലിന്യം നീക്കംചെയ്യൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞ് കൂടിക്കിടക്കുന്ന മാലിന്യങ്ങളും ചെളിയും മണലും പോളയും നീക്കം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഡാമുകളിലും ചെറുകിടജലസേചന പദ്ധതി പ്രദേശങ്ങളിലും പോള നീക്കം ചെയ്യാൻ ആവശ്യമായ വീഡ് കട്ടറുകൾ ജലവിഭവ വകുപ്പിന് കീഴിൽ ഇല്ലാത്തതിനാലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഒരു വീഡ് ഹാർവസ്റ്റർ മെഷീൻ ഉപയോഗിച്ച് ജലാശയങ്ങളിലെ പോള നീക്കം ചെയ്തു വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ വീഡ് ഹാർവെസ്റ്ററുകൾ വാങ്ങി പോള നീക്കം ചെയ്യുന്ന പ്രവൃത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്. |
| (സി) | ഡാമുകളിലെ ചെളിയും മണലും എക്കലും നീക്കം ചെയ്യുവാനും ഡാമിന്റെ സംഭരണശേഷി കൂട്ടുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം –1**

08/11/2019 ലെ സ.ഉ(കൈ)നം.49/2019/ജവിവ പ്രകാരം മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ നടന്നു വരുന്നു. 07/01/2021 ലെ സ.ഉ(സാധാ)നം. 21/2021/ജവിവ പ്രകാരം ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും അപ്രകാരം റീടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. 07/01/2021ലെ സ.ഉ(സാധാ)നം. 22/2021/ജവിവ പ്രകാരം വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

06/01/2020 ലെ സ.ഉ(കൈ)നം.01/2020/ജവിവ പ്രകാരം കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഒരു വീഡ് ഹാർവെസ്റ്റർ മെഷീൻ ഉപയോഗിച്ച് ജലാശയങ്ങളിലെ പോള നീക്കം ചെയ്ത് വരുന്നുണ്ട്.

**<u>അനുബന്ധം –2</u>**

കേരളത്തിലെ റിസർവ്വോയറുകളിൽ അവയുടെ നിർമ്മാണത്തിന് ശേഷം അതിവർഷം മൂലമുള്ള ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾമൂലം ഡാമുകളുടെ നിർമ്മാണ സമയത്തുണ്ടായിരുന്ന ജലസംഭരണ ശേഷി ഏകദേശം 40% വരെ കുറഞ്ഞതായിട്ടാണ് പല പഠനങ്ങളും വിലയിരുത്തിയിട്ടുള്ളത്. അതിനാൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും, മണ്ണും നീക്കം ചെയ്യുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ (SOP) തയ്യാറാക്കുകയും 26/09/2017 ലെ സ.ഉ(കൈ)നം.79/2017/ജവിവ പ്രകാരം അംഗീകരിക്കുകയും ചെയ്തു. കൂടാതെ ടി ഉത്തരവ് പ്രകാരം മംഗലം ഡാമിന്റെയും, ചുള്ളിയാർ ഡാമിന്റെയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ പൈലറ്റ് പദ്ധതിയായി നടപ്പിലാക്കുവാനും ഉത്തരവായിട്ടുണ്ട്.

16/06/2018 ലെ സ.ഉ(സാധാ)നം.425/2018/ജവിവ പ്രകാരം ഡീസിൽറ്റേഷൻ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനു വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും അഡീഷണൽ ചീഫ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള ഒരു എംപവേർഡ് കമ്മിറ്റിയും ജലസേചന വകുപ്പിലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായും, മറ്റ് ചീഫ് എഞ്ചിനീയർമാരും, മൈനിംഗ് & ജിയോളജി വകുപ്പിലെ ഡയറക്ടറും, ചീഫ് ഹൈഡ്രോഗ്രാഫറും അംഗങ്ങളായിട്ടുള്ള സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്.

08/11/2019 ലെ സ.ഉ(കൈ)നം.49/2019/ജവിവ പ്രകാരം പാലക്കാട് ജില്ലയിലെ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ടേൺകീ രീതിയിൽ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടി ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്ക് അനുവദിച്ചിട്ടുള്ള പരമാവധി സമയം 36 മാസമാണ്. 17/12/2020 മുതൽ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ ഏകദേശം 4.52% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

07-01-2021 ലെ സ.ഉ(സാധാ) 21/2021/ജവിവ & സ.ഉ(സാധാ) 22/2021/ജവിവ നമ്പർ ഉത്തരവുകൾ പ്രകാരം ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനേയും (KIIDC) വാളയാർ, മീൻകര എന്നീ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനേയും (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. ടി ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള 15 റിസർവ്വോയറുകളിലെ എക്കലിന്റെയും മണ്ണിന്റെയും ആകെ അളവുകൾ ബാത്തിമെടിക്ക് സർവ്വെ പ്രകാരം കണ്ടുപിടിച്ചിട്ടുണ്ട്.

ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കേണ്ടതാണ്. ഇതിനുവേണ്ടി അടിഞ്ഞുകൂടിയിട്ടുള്ളവയിൽ നിന്നും മണലിന്റെയും, എക്കലിന്റെയും, ചെളിയുടെയും, ഗ്രാവലിന്റെയും അളവുകൾ കൃത്യമായി കണക്കാക്കേണ്ടതുണ്ട്.

അവശേഷിക്കുന്നവയിൽ അഞ്ച് റിസർവോയർ (മലമ്പുഴ, കാരാപ്പുഴ, മലങ്കര, മണിയാർ ബാരേജ്, പഴശ്ശി ബാരേജ്)കളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള DPR തയ്യാറാക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ റിസർവ്വോയറിന്റെ മുഴുവൻ പ്രദേശത്തും ഡീസിൽറ്റേഷൻ നടത്തുന്നതിന് 06/01/2020 ലെ സ.ഉ(കൈ) നം. 01/2020/ജവിവ എന്ന ഉത്തരവ് പ്രകാരം അനുമതി നൽകി. അരുവിക്കര ഡാം ഡീസിൽറ്റേഷൻ എന്ന പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി മുൻപരിചയമുള്ള സ്ഥാപനങ്ങളിൽനിന്നും എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുകയുണ്ടായി. 01/07/2021 ൽ കൂടിയ പത്താം എംപവേർഡ് കമ്മിറ്റി DPR തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശം

രൂപപ്പെടുത്തിയിട്ടുണ്ട്, ആയത് പ്രകാരം അരുവിക്കര ഡാമിൽ അടിഞ്ഞു കൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി നടപ്പാക്കുന്നതാണ്.

08/11/2019 ലെ സ.ഉ(കൈ)നം.50/2019/ജവിവ പ്രകാരം കേരളത്തിലെ ആറ് റെഗുലേറ്റർ/ ചെക്ക് ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകി. മഞ്ഞുമ്മൽ റെഗുലേറ്ററിലെ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പുറപ്പള്ളിക്കാവ് (24.04%), ചെങ്ങണാംകുന്ന് (60.17%), പൂക്കോട്ടുമന(19.18%), ചെറുതുരുത്തി (63.53%) തുടങ്ങിയവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. വെള്ളിയാങ്കൽ ആർ.സി.ബി യുടെ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞുവെച്ചിട്ടുള്ളതാണ് .